LIBRARY ARCHIVES Kerala Legislative Assembly

ബയോബ്ലിറ്റ്സ്

283 (3917) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പാലോട് രവി :
ശ്രീ. ജോസഫ് വാഴയ്ക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പ് ബയോബ്ലിറ്റ്സ് എന്ന പ്രചാരണ പരിപാടി സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) നഗരങ്ങളിലെ ജൈവവൈവിദ്ധ്യ സംരക്ഷണങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിവരിക്കാമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) " ബയോബ്ലിറ്റ്സ്" എന്ന പ്രചരണ പരിപാടി സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന കാര്യം നിലവിൽ വനംവകുപ്പിന്റെ പരിഗണനയിൽ ഇല്ല.

(ബി-ഡി) ബാധകമല്ല.

പട്ടയഭൂമിയിലെ മരങ്ങൾ വെട്ടിമാറ്റുന്നത് തടയുന്നതിനെതിരെ നടപടി

284 (3918) ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനങ്ങളോടുചേർന്നുള്ള പട്ടയഭൂമിയിൽനിന്നും കർഷകർ വച്ചുപിടിപ്പിച്ച പ്ലാവ് ഉൾപ്പെടെയുള്ള മരങ്ങൾ വെട്ടിമാറ്റുന്നതിന് വനം വകുപ്പ് അനാവശ്യമായി തടസ്സം നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) കാലവർഷക്കെടുതികളിൽ കടപുഴകിയ പട്ടയ ഭൂമിയിലെ മരങ്ങൾ വെട്ടിമാറ്റുന്നതിന് വകുപ്പ് എതിരു നിൽക്കുന്നത്, വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനും റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനും തടസ്സമാകുന്നത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) മരങ്ങൾ ഒന്നുമില്ലാതെ, തരിശ്ശായി പട്ടയം ലഭിച്ച സ്ഥലത്ത് കർഷകർ വച്ച് പിടിപ്പിക്കുന്ന മരങ്ങൾ വെട്ടുന്നതിന് അധികാരമില്ലെന്ന് ചില പട്ടയങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത് തിരുത്തുവാനും കർഷകരെ സഹായിക്കുന്ന നടപടികൾ ഉണ്ടാകുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല. നിലവിലെ റവന്യൂ, വനം വകുപ്പുകളുടെ നിയമങ്ങൾ പ്രകാരമുള്ള നടപടികൾ മാത്രമാണ് വനം വകുപ്പ് സ്വീകരിക്കുന്നത്. മേൽ നിയമങ്ങൾ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കാത്ത രീതിയിൽ ഭേദഗതി ചെയ്യാനുള്ള നടപടികൾ റവന്യൂ, വനം വകുപ്പുകൾ എടുത്തുവരുന്നുണ്ട്.

(ബി) കാലവർഷക്കെടുതികളിൽ കടപുഴകിയ മരങ്ങൾ വെട്ടിമാറ്റാൻ വനം വകുപ്പ് തടസ്സം നിൽക്കാറില്ല. നിയമപ്രകാരം പട്ടയഭൂമികളിൽ വൈദ്യുതി പുനഃസ്ഥാപിക്കുന്നതിനും, റോഡുകൾ ഗതാഗത യോഗ്യമാക്കുന്നതിനും വനംവകുപ്പ് എതിര് നിൽക്കാറില്ല.

(സി) പട്ടയ ഭൂമിയിൽ കർഷകർ വച്ചുപിടിപ്പിക്കുന്ന മരങ്ങൾ അവർക്ക് മുറിയ്ക്കാൻ സാദ്ധ്യമാകുന്ന രീതിയിൽ നിയമം ഭേദഗതി ചെയ്യാൻ നടപടി സ്വീകരിച്ചു വരുന്നുണ്ട്.

വനവിസ്തൃതിയും ജൈവ സമ്പത്തും വനഭൂമി കൈയ്യേറ്റവും

285 (3919) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിന്റെ വനവിസ്തൃതിയും ജൈവസമ്പത്തും വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ബി) ഏറ്റവും കൂടുതൽ വനവിസ്തൃതിയുള്ള ജില്ലകൾ ഏതെല്ലാം ;

(സി) വനഭൂമി കയ്യേറിയത് സംബന്ധിച്ച് എത്ര കേസ്സുകൾ നിലവിലുണ്ട് ; ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly